**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1380** **11-06-2019 ൽ മറുപടിക്ക്**

**പട്ടയ വിതരണത്തിന്റെ പുരോഗതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് നാളിതുവരെ 1,06,450 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടയം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) 1964 - ലെ ഭൂമി പതിവ് ചട്ടങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്തിയതെന്ന് വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി, 2/02/2018 ലെ ജി.ഒ (പി) നം 7/2018/ആർ.ഡി ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം<br>1) കൈവശമുള്ള ഭൂമി പതിച്ച നൽകുന്നതിന് നിലവിലുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്.<br>2) കൈവശമില്ലാത്ത ഭൂമി പതിച്ച കിട്ടിയാൽ 25 വർഷത്തേക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേക്ക് എന്ന് പുനർ നിർണയം ചെയ്തിട്ടുണ്ട്. കൂടാതെ കൈവശാവകാശമുള്ള ഭൂമി പതിച്ച കിട്ടിയാൽ അത് വിൽക്കുന്നതിനുള്ള സമയപരിധി എടുത്തു കളഞ്ഞിട്ടുണ്ട്.<br>3) ഭവന നിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ, ഭൂമി അഭിവൃദ്ധിപ്പെടുത്തുന്ന തിനോ വേണ്ടി പതിച്ച കിട്ടിയ ഭൂമി ഗവൺമെന്റിനോ ബാങ്കിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബർ ബോർഡിനോ റ്റീ ബോർഡിനോ ജാമ്യമെന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്.<br>4) കൈവശമുള്ള ഭൂമി പതിച്ച നൽകുന്നതിന് അപ്പൻഡിക്സ് II പ്രകാരവും കൈവശമില്ലാത്ത ഭൂമി പതിച്ച നൽകുന്നതിന് അപ്പൻഡിക്സ് II A പ്രകാരവും പട്ടയം നൽകുന്നതിന് പട്ടയഫാറങ്ങളിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്. |

5) കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് അപ്പൻഡിക്സ് II പ്രകാരവും കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്നതിന് അപ്പൻഡിക്സ് IIA പ്രകാരവും പതിവുത്തരവിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്.

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(സി) 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഭേദഗതി പ്രകാരം കൈവശത്തിലില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ ഭൂമി കൈമാറ്റത്തിനുള്ള കാലാവധി 12 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) പട്ടയ ഭൂമിയിൽ ഉടമസ്ഥർ നട്ടുവളർത്തുന്ന മരങ്ങളുടെ അവകാശം അവർക്കു തന്നെ ലഭ്യമാക്കുമോ;

(ഡി) 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർഡി ഭേദഗതി പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4,22 എന്നിവ പ്രകാരമാണ്. 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള 10 മരങ്ങൾ ഒഴികെയുള്ളവ വനം വകുപ്പിന്റെ അനുവാദം കൂടാതെയും, ആക്ടിൽ ഉൾപ്പെട്ട 10 മരങ്ങൾ വനം വകുപ്പിന്റെ അനുവാദത്തോടെയും മുറിക്കാവുന്നതാണ്.

(ഇ) പെരിഞ്ചാം മൂടിയിലെ ആദിവാസി കളുടെ ദീർഘകാലമായുള്ള ഭൂപ്രശ്നം പരിഹരിച്ചോയെന്ന് വ്യക്തമാക്കുമോ?

(ഇ) ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽ നിന്നും 10.02.2012 ൽ കുടി ഒഴിപ്പിക്കപ്പെട്ട 158 പട്ടിക വർഗ കുടുംബങ്ങൾക്ക് അവരുടെ അർഹത പരിശോധിച്ച് ഒരു കുടുംബത്തിന് ഓരേക്കർ എന്ന പരിധിക്ക് വിധേയമായി പെരിഞ്ചാംകുട്ടിയിൽ ഭൂമി അനുവദിക്കുന്നതിന് അനുമതി നൽകി സ.ഉ (കൈ) നം. 96/2018/റവ തീയതി 08.03.2018 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദ്ദേശം നടപ്പിലാക്കുന്നതിലേക്കായി ടിയാളുകളെ നേരിൽകേട്ട് നിജസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും മുന്നൊരുക്കം നടത്തുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഡി.എഫ്.ഒ മൂന്നാർ ടി വിഷയത്തിൽ എതിർപ്പ് രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.01.2019 ന് ചേർന്ന യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ടി ഉത്തരവ് നടപ്പിലാക്കുന്ന തിലുള്ള നിയമപ്രശ്നങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുള്ളതാണ്.

ആയതിനെ തുടർന്ന് 1960 ൽ ആദിവാസികൾ താമസിച്ചിരുന്ന പ്രസ്തുത ഭൂമി തേക്ക് പ്ലാന്റേഷനു വേണ്ടി റവന്യൂ വകുപ്പ് വനം വകുപ്പിന് ഒരിക്കൽ വിട്ടുകൊടുത്തതാണെന്നും ടി പ്ലാന്റേഷൻ ഉൾപ്പെടുന്ന 400 ഏക്കറിനു ചുറ്റുമുള്ള സ്ഥലം പട്ടയഭൂമിയാണെന്നും ഇവിടെ താമസിക്കുന്ന ആദിവാസികളെ മുൻപ് കുടിയിറക്കിയ താണെന്നുമുള്ള വസ്തുതകൾ പരിഗണിച്ച് ടി സ്ഥലത്ത് ആദിവാസികൾക്ക് പട്ടയം നൽകുന്നതിനായി റിട്ട് പെറ്റിഷൻ (സിവിൽ) 202/1995 നമ്പർ കേസിൽ ബഹു. സുപ്രീം കോടതിയിൽ രണ്ടാം അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനും ടി ഭൂമിക്ക് പകരം ഭൂമി വനവൽക്കരണത്തിന് അനുവദിക്കുന്നതിന് കേന്ദ്രമന്ത്രാലയത്തിന്റെ അനുമതി നേടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**